പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3880 — 15.12.2014 ൽ മറുപടിക്ക്

## സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീമതി.കെ.കെ.ലതിക<br>,, കെ.എസ്.സലീഖ<br>,, പി. അയിഷാ പോറ്റി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പണത്തിന്റെയും മറ്റു പല സ്വാധീനങ്ങളുടെയും പ്രലോഭനങ്ങളുടെയും ഫലമായി കുറ്റകൃത്യം ചെയ്തവർക്കെതിരെയുള്ള കേസുകൾ പെറ്റിക്കേസുകളായി മാറിപ്പോകുന്ന അവസ്ഥയുളവായതായി അറിയാമോ; | (ബി) ഇല്ല |
| (സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ ശിക്ഷിക്കപ്പെടാതെ പോയിട്ടുള്ളതായി അറിയാമോ; | (സി) ഇല്ല. |
| (ഡി) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു; ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (ഡി) കണക്കാക്കിയിട്ടില്ല. സ്ത്രീകൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 47256 കേസുകളും കുട്ടികൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 5143 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ